**പതിനാലാം കേരള നിയമസഭ**

ഏഴാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3578 | 22.08.2017 ൽ മറുപടിയ്ക്ക് |
|---|---|
| **സംസ്ഥാനത്ത് ഭിന്നലിംഗക്കാരുടെ ക്ഷേമത്തിനായുള്ള പദ്ധതികൾ** | |
| ചോദ്യം | ഉത്തരം |
| **ശ്രീ.വി.ടി.ബൽറാം** | **ശ്രീമതി കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)** |
| (എ) ഭിന്നലിംഗക്കാരുടെ ക്ഷേമത്തിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്നറിയിക്കാമോ; | (എ) ട്രാൻസ്ജെൻഡർമാർക്കായി വിവിധ ക്ഷേമ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. ആയത് ചുവടെ ചേർക്കുന്നു.<br>ട്രാൻസ്ജെൻഡർമാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ട്രാൻസ്ജെൻഡർമാർക്ക് തിരിച്ചറിയൽ കാർഡ് നൽകുന്ന പദ്ധതി 2017-18 സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കി വരുന്നു. തിരുവനന്തപുരം ജില്ലയിൽ 20 പേർക്ക് തിരിച്ചറിയൽ കാർഡ് നൽകിയിട്ടുണ്ട്. മറ്റു ജില്ലകളിൽ ഇതിനായി പ്രാരംഭ നടപടികൾ സ്വീകരിച്ചു വരുന്നു. സംസ്ഥാനത്ത് എല്ലാ ജില്ലകളിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട 5 ട്രാൻസ് ജെൻഡർമാർക്ക് സ്വയം തൊഴിൽ കണ്ടെത്തി ഉപജീവനമാർഗ്ഗം കണ്ടെത്തുന്നതിന് ഡ്രൈവിംഗ് പരിശീലനത്തിനായി ഒരാൾക്ക് 8500/- രൂപ വെച്ച് ആകെ 5,95,000/- രൂപ അനുവദിച്ച് ഉത്തരവായിട്ടുണ്ട്. ടി പദ്ധതി അതാത് ജില്ലകളിലെ അംഗീകൃത ഡ്രൈവിംഗ് പരിശീലന ഏജൻസി മുഖാന്തിരം പ്രാവർത്തികമാക്കുന്നതിന് എല്ലാ ജില്ലകൾക്കും ഫണ്ട് നൽകിയിട്ടുണ്ട്.<br>സംസ്ഥാന സാക്ഷരതാ മിഷൻ നൽകിയ പ്രോജക്ട് അനുസരിച്ച് സംസ്ഥാനത്ത് ട്രാൻസ്ജെൻഡർമാർക്കിടയിൽ സർവ്വേ നടത്തി, പഠനം പൂർത്തിയാക്കാൻ കഴിയാത്ത ട്രാൻസ്ജെൻഡർമാർക്ക് തുടർ വിദ്യാഭ്യാസം നൽകുന്ന പദ്ധതിക്ക് തുടക്കം കുറിക്കുന്നതിനായി സർവ്വേ ഇനത്തിൽ മാത്രം 2017-18 സാമ്പത്തിക വർഷത്തിൽ 4,50,000/- രൂപ അനുവദിച്ചിട്ടുണ്ട്. ട്രാൻസ്ജെൻഡർ നയം നടപ്പാക്കുന്നതിന്റെ ഭാഗമായി അദ്ധ്യാപകർക്കും പോലീസ് ഉദ്യോഗസ്ഥർക്കും, ആരോഗ്യവകുപ്പിനുമായി ജില്ലാതലത്തിൽ ബോധവത്ക്കരണ ശില്പശാല നടത്തുന്നു. എല്ലാ ജില്ലകളിലുമുള്ള ട്രാൻസ്ജെൻഡർമാർക്ക്, അവർക്ക് അഭികാമ്യമായ തൊഴിൽ മേഖലയിൽ (ഫുഡ്ക്രാഫ്റ്റിംഗ്/കാറ്ററിംഗ്, കോസ്റ്റ്യൂം ഡിസൈനിംഗ്, ബ്യൂട്ടീഷ്യൻ കോഴ്സ്, ഡാൻസ്, ആഭരണ നിർമ്മാണം,തയ്യൽ പരിശീലനം തുടങ്ങിയവ) നൈപുണ്യ പരിശീലനം നേടുന്നതിനായി അവർക്ക് ആവശ്യമായ കോഴ്സ് ഫീ നൽകുന്നതിലേക്ക് എല്ലാ ജില്ലാ സാമൂഹ്യനീതി ഓഫീസർക്കും മുൻകൂർ ആയി 5 ലക്ഷം രൂപ വീതം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

| | |
|---|---|
| (ബി) ഈ സർക്കാരിന്റെ ആദ്യ ബജറ്റിൽ പാർശ്വവൽക്കരിക്കപ്പെട്ടവർക്കായി വകയിരുത്തിയ തുകയിൽ നിന്നും ഭിന്നലിംഗക്കാരുടെ ക്ഷേമത്തിനായി ചെലവഴിച്ച തുക എത്രയെന്നറിയിക്കാമോ; ഇത് ഏതെല്ലാം പദ്ധതികൾക്ക് വേണ്ടിയാണ് ചെലവഴിച്ചതെന്ന് വ്യക്തമാക്കാമോ; | (ബി) 2016-17 സാമ്പത്തിക വർഷത്തിൽ ട്രാൻസ്ജെൻഡർമാരുൾപ്പെടെ പാർശ്വവൽക്കരിക്കപ്പെടുന്നവർക്കായി ആകെ 1725 ലക്ഷം രൂപയാണ് വകയിരുത്തിയിരുന്നത്. ഇതിൽ നിന്ന് സംസ്ഥാനത്തെ ട്രാൻസ്ജെൻഡർമാർക്കായി കൺസൾട്ടേഷൻ മീറ്റ് (17.10.2016 ൽ) സംഘടിപ്പിച്ചതിന് 44,796/- രൂപ ചെലവഴിച്ചിട്ടുണ്ട്. 2016-17 അദ്ധ്യയന വർഷത്തിൽ ട്രാൻസജെൻഡർമാരായ മൂന്ന് വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് ഇനത്തിൽ 50,000/- രൂപ ചെലവഴിച്ച. ആകെ 94,796/- രൂപ മാത്രം ചെലവഴിച്ചിട്ടുണ്ട്. |
| (സി)ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഭിന്നലിംഗനയം രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?; | (സി) ഇല്ല. |

സെക്ഷൻ ഓഫീസർ